പുള്ളിക്കത്തോട്-ചിറമംഗലം റോഡ് (വഴി) അമ്പഴത്തിങ്കൽ കോളനി, പുത്തൻ പുരപ്പടി - 17-ാമത് മൈൽ (കെ. കെ.റോഡ്) ചേന്നംപള്ളി-കങ്ങഴ റോഡ്, പാത്താമുട്ടം - കുറിച്ചി ഹോമിയോ കോളേജ് റോഡ്, ആനിക്കാട് ചർച്ച് - കയ്യൂരി റോഡ്, 15-ാം മൈൽ അരുവിക്കുഴി റോഡ്, എന്നീ ഒൻപതു റോഡുകൾ പൂർണ്ണമായും ഗതാഗത യോഗ്യമല്ലാതെ കിടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഓരോ റോഡിന്റെയും അറ്റകുറ്റപ്പണികൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) എത്രയും വേഗം ഈ റോഡുകളുടെ പുനരുദ്ധാരണത്തിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) സൂചനയിലെ 9 വർക്കുകളിൽ 7 എണ്ണം ടെണ്ടർ ചെയ്തെങ്കിലും മറുപടി ലഭിച്ചില്ല. അരുവിക്കുഴി റോഡിന്റെ പണി പുരോഗതിയിലാണ്. ആനിക്കാട് ചർച്ച് റോഡിന്റെ പണിക്ക് 27-2-2001-ൽ ടെണ്ടർ വച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

ചടയമംഗലം നിയോജകമണ്ഡലത്തിൽ വിവിധ പ്രവർത്തികൾക്കായി അനുവദിച്ച തുക

141 (746) ശ്രീമതി ആർ. ലതാ ദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ കൊല്ലം ജില്ലയിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ വിവിധ പ്രവൃത്തികൾക്കായി പി.ഡബ്ല്യൂ.ഡി. വകുപ്പ് അനുവദിച്ച തുകയും പ്രവൃത്തിയും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയിൽ പൂർത്തിയായവ എത്ര ; നടന്നു കൊണ്ടിരിക്കുന്നവ എത്ര ;

(സി) അനുമതി ലഭിച്ച ഏതെങ്കിലും പ്രവൃത്തി ഇനിയും ആരംഭിക്കാത്തതായുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) എം.സി. റോഡിൽ ചടയമംഗലം മണ്ഡലത്തിന്റെ നിലമേൽ ചടയമംഗലം പഞ്ചായത്ത് ഭാഗത്ത് 1996 മുതൽ നാളിതുവരെ അനുവദിച്ചവർക്കും അവയ്ക്ക് ചിലവായ തുകയും ഇനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ശേഖരിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly